REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-05-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇനി ഒരു പകൽ മാത്രം.
- മൂന്നു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി വൈകിട്ട് കന്യാകുമാരിയിലെത്തും.
- കേരളത്തിൽ ഇന്ന് രാത്രിയോടെ തെക്ക് - പടിഞ്ഞാറൻ കാലവർഷം എത്തിച്ചേർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ഈ വർഷത്തെ ട്രോളിംഗ് നിരോധന കാലത്ത് രണ്ട് വള്ളങ്ങൾ ഉപയോഗിക്കുന്ന പെയർ ട്രോളിംഗ് കർശനമായി നിരോധിച്ചു.
- നോർവേ ചെസ്സ് മൂന്നാം റൗണ്ടിൽ ഇന്ത്യൻ താരം പ്രഗ്നാനന്ദ, ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇനി ഒരു പകൽ മാത്രം. ഏഴ് സംസ്ഥാനങ്ങളിലെ 56 സീറ്റുകളിലും ചണ്ഡീഗഢിലെ ഒരു സീറ്റിലും വൈകിട്ട് ഏഴാമത്തെയും അവസാനത്തെയും

ഘട്ടത്തിലെ പ്രചാരണം സമാപിക്കും. ശനിയാഴ്ചയാണ് വോട്ടെടുപ്പ്.

ഡെസ്ക് റിപ്പോർട്ട്.......

.............വോയ്സ്..........

പാർട്ടികളുടെയും മുന്നണികളുടെയും താരപ്രചാരകരും ദേശീയ-സംസ്ഥാന നേതാക്കളും റാലികളിലും പൊതുസമ്മേളനങ്ങളിലും ഇന്നും പങ്കെടുക്കും.

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് പഞ്ചാബിലെ ഹോഷിയാർ പൂരിൽ റാലിയെ അഭിസംബോധന ചെയ്യും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് UP യിലെ കുശി നഗറിലും പൊതു സമ്മേളനത്തിൽ സംബന്ധിക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഒഡീഷയിലെ ബാലസോറിൽ പൊതു സമ്മേളനത്തിൽ സംസാരിയ്ക്കും. ജാർഖണ്ഡിലെ ധുംക മണ്ഡലത്തിലെ റാലിയിലും അദ്ദേഹം പങ്കെടുക്കും. AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഷിംലയിലും പ്രചാരണത്തിൽ സംബന്ധിക്കുന്നുണ്ട്. SP നേതാവ് അഖിലേഷ് യാദവ് UP-യിലെ മഹാരാജ്ഗഞ്ചിൽ തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും.

✪✪✪

അർഹരായ എല്ലാ വോട്ടർമാർക്കും ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവസരം ഒരുക്കിയതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ശാരീരിക വെല്ലുവിളികളുടെ പേരിൽ വോട്ടവകാശം നഷ്ടപ്പെടാതിരിക്കാൻ അവർക്ക് വീടുകളിൽ വോട്ട് ചെയ്യാൻ അവസരം നൽകിയതായി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു.

85 നു മേൽ പ്രായമായ മുതിർന്ന പൗരന്മാർക്കും 40 ശതമാനം ബെഞ്ച്മാർക്ക് വൈകല്യം നേരിടുന്നവർക്കുമാണ് വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യം ഒരുക്കിയത്.

✪✪✪

മൂന്നു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി വൈകിട്ട് കന്യാകുമാരിയിലെത്തും. തിരുവനന്തപുരം വിമാനത്താവളത്തിലിറങ്ങുന്ന അദ്ദേഹം അവിടെനിന്ന് ഹെലികോപ്റ്ററിലാണ് കന്യാകുമാരിയിലേക്ക് പോകുന്നത്. കന്യാകുമാരി ക്ഷേത്ര ദർശനത്തിനുശേഷം നരേന്ദ്രമോദി വിവേകാനന്ദ സ്മാരകത്തിലേക്ക് പോകും. വിവേകാനന്ദപ്പാറയിൽ രണ്ട് ദിവസം പ്രധാനമന്ത്രി ഏകാന്ത ധ്യാനത്തിലിരിക്കും.

സ്വാമി വിവേകാനന്ദൻ ധ്യാനിച്ച അതേയിടത്താണ് നരേന്ദ്രമോദിയും ധ്യാനത്തിലിരിക്കുന്നത്. കനത്ത സുരക്ഷാ സംവിധാനമാണ് കന്യാകുമാരി തീരത്തും സമീപ പ്രദേശങ്ങളിലും ഒരുക്കിയിരിക്കുന്നത്. വിവേകാനന്ദപ്പാറയിൽ ഇന്നു മുതൽ മൂന്നു ദിവസത്തേക്ക് സന്ദർശകർക്ക് വിലക്കേർപ്പെടുത്തി.

✪✪✪

കേരളത്തിൽ ഇന്ന് രാത്രിയോടെ തെക്ക് - പടിഞ്ഞാറൻ കാലവർഷം എത്തിച്ചേർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ വർഷം പതിവിന് രണ്ട് ദിവസം മുമ്പാണ് കാലവർഷം എത്തിച്ചേരുന്നത്. കേരളത്തിന് പുറമെ ലക്ഷദ്വീപ്, ബംഗാൾ ഉൾക്കടൽ മേഖല, കന്യാകുമാരി, അറബിക്കടലിന്റെ തെക്കൻ ഭാഗം എന്നിവിടങ്ങളിലും കാലവർഷത്തിന് അനുകൂലമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതായി അറിയിപ്പിൽ പറയുന്നു.

കേരളത്തിലും ലക്ഷദ്വീപിലും മാഹിയിലും അടുത്ത അഞ്ച് ദിവസം കനത്ത മഴ ഉണ്ടാകുമെന്നാണ് മുന്നറിയിപ്പ്.

✪✪✪

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തെക്കൻ കേരളതീരം, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ മീൻ പിടുത്തത്തിന് പോകരുതെന്നും കർശന മുന്നറിയിപ്പുണ്ട്. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കോട്ടയം ജില്ലയിൽ 17 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 103 കുടുംബങ്ങളിലെ 398 പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി. ഇന്നലെ മാത്രം ആറ് ക്യാമ്പുകൾ പുതുതായി തുറന്നു.

✪✪✪

പത്തനംതിട്ട ജില്ലയിൽ തിരുമൂലപുരം, കവിയൂർ എന്നിവിടങ്ങളിൽ ഓരോ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. കവിയൂരിൽ ആറു കുടുംബത്തിലെ 17 പേരും തിരുമൂലപുരത്ത് ഒരു കുടുംബത്തിലെ മൂന്നു പേരും ഉൾപ്പെടെ 20 പേരാണ് മഴക്കെടുതിയെത്തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നത്.

✪✪✪

എറണാകുളം ജില്ലയിൽ ഇന്നലെ ഉച്ച കഴിഞ്ഞ് ശക്തമായ മഴ പെയ്തു. കളമശ്ശേരി, കാക്കനാട്, ഇടപ്പള്ളി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും നഗരത്തിലെ പല ഭാഗങ്ങളിലും വെള്ളക്കെട്ടും, ഗതാഗതക്കുരുക്കും അനുഭവപ്പെട്ടു. കളമശ്ശേരി ഭാഗത്ത് നിരവധി വീടുകളിൽ വെള്ളം കയറി. ചിലയിടങ്ങളിൽ മണ്ണ് ഇടിഞ്ഞും, മരങ്ങൾ കടപുഴകി വീണും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. രാത്രി വലിയതോതിൽ മഴ പെയ്തില്ല.. കാക്കനാട് ഇൻഫോപാർക്കിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നിലവിലെ കലുങ്ക് പുനർ നിർമ്മിക്കുന്നതിന് നടപടികളെടുക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

ജില്ലയിൽ മൂന്ന് ക്യാമ്പുകളിലായി 58 പേരെ മാറ്റി പാർപ്പിച്ചു.

✪✪✪

ഹരിപ്പാട് മുട്ടം പറത്തറയിൽ വയോധികൻ വെള്ളക്കെട്ടിൽ വീണ് മരിച്ചു. ദിവാകരൻ എന്ന 67-കാരനാണ് വീടിന്

സമീപത്തെ വെള്ളക്കെട്ടിൽ കാൽ വഴുതി വീണത്. ഇന്നലെ ഉച്ചയ്ക്ക് ശേഷമാണ് സംഭവം.

കനത്ത മഴയെ തുടർന്ന് ഹരിപ്പാട് മേഖലയിൽ റോഡുകളിലും പാടശേഖരങ്ങളിലും വെള്ളം നിറഞ്ഞിരിക്കുകയാണ്.

✪✪✪

സംസ്ഥാനത്തെ അതി തീവ്രമഴയുടെ സാഹചര്യത്തിൽ ഇന്ന് സംസ്ഥാന - അംഗൻവാടി തലങ്ങളിൽ നടത്താനിരുന്ന പ്രവേശനോത്സവം മാറ്റിയതായി വനിതാ ശിശു ക്ഷേമ വകുപ്പ് അറിയിച്ചു. കുട്ടികൾ അംഗൻവാടിയിൽ വരേണ്ട പുതിയ തീയതി പിന്നീട് അറിയിക്കും.

പേരാമ്പ്രയിലെ മരുതേരി അംഗൻവാടിയിലായിരുന്നു കോഴിക്കോട് ജില്ലാതല പ്രവേശനോത്സവം നടത്താൻ തീരുമാനിച്ചിരുന്നത്.

✪✪✪

റെമാൽ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും മിസോറാമിലെ മരണ സംഖ്യ 29 ആയി. ഐസ്വാൾ ജില്ലയിൽ രണ്ടിടത്ത് നിന്ന് ഇന്നലെ രണ്ട് മൃതദേഹം കൂടി കണ്ടെടുത്തു. മരിച്ചവരിൽ 23 പേർ മിസോറാമുകാരും അഞ്ച് പേർ ജാർഖണ്ഡ് സ്വദേശികളും ഒരാൾ അസം സ്വദേശിയുമാണ്. കാണാതായവർക്കു വേണ്ടി ദേശീയ - സംസ്ഥാന ദുരന്ത നിവാരണ സേനകളും പൊലീസും ഫയർഫോഴ്സും, ദ്രുതകർമ്മസേനയും തെരച്ചിൽ

തുടരുകയാണ്. പ്രധാന റോഡുകളിലെല്ലാം മണ്ണിടിച്ചിൽ ഉണ്ടായതിനാൽ ഐസ്വാൾ നഗരം ഒറ്റപ്പെട്ടിരിക്കുകയാണ്.

പശ്ചിമ ബംഗാളിൽ റെമാൽ ചുഴലിക്കാറ്റിനെ തുടർന്ന് സൗത്ത് 24 പർഗാനാസ് ജില്ലയിൽ കനത്ത വെള്ളക്കെട്ടുകൾ രൂപം കൊണ്ടു. കടൽവെള്ളം കരയിലേക്ക് ഇരച്ചുകയറി ഒട്ടേറെ കൃഷിയിടങ്ങളിലും മീൻ വളർത്തൽ കേന്ദ്രങ്ങളിലും വൻ നാശമുണ്ടായി. നോർത്ത് 24 പർഗാനാസ് ജില്ലയിലും വൻ നാശനഷ്ടങ്ങൾ ഉണ്ടായി.

✪✪✪

ഈ വർഷത്തെ ട്രോളിംഗ് നിരോധന കാലത്ത് രണ്ട് വള്ളങ്ങൾ ഉപയോഗിക്കുന്ന പെയർ ട്രോളിംഗ് അഥവാ ഡബിൾ നെറ്റ് കർശനമായി നിരോധിച്ചു. യന്ത്രവൽകൃത ബോട്ടുകൾ ഒന്നും തന്നെ കടലിൽ പോകാനോ മീൻ പിടിക്കാനോ പാടില്ല. ട്രോളിംഗ് നിരോധനം നിലവിൽ വരുന്ന ജൂൺ 9-ന് അർദ്ധരാത്രിക്ക് മുൻപ് എല്ലാ യന്ത്രവൽകൃത ബോട്ടുകളും ഹാർബറിൽ പ്രവേശിക്കണം. കേരളതീരത്ത് മീൻ പിടിക്കുന്ന അന്യസംസ്ഥാന ബോട്ടുകൾ ജൂൺ 9ന് മുമ്പ് തീരം വിട്ടു പോകണമെന്നും കോഴിക്കോട്ട് മത്സ്യത്തൊഴിലാളികൾക്കായി വിളിച്ചുചേർത്ത യോഗത്തിൽ വ്യക്തമാക്കി.

ഇൻബോർഡ് വള്ളങ്ങൾ ഒരു കാരിയർ വള്ളം മാത്രമേ മത്സ്യബന്ധനത്തിന് ഉപയോഗിക്കാവൂ. തീവ്രതയേറിയ ലൈറ്റുകൾ ഉപയോഗിച്ചോ മറ്റു നിരോധിത മാർഗ്ഗങ്ങളിലൂടെയോ മീൻ പിടുത്തം പാടില്ല. നിയമാനുസൃത സാധനസാമഗ്രികൾ ഒഴികെ മറ്റൊന്നും യാനങ്ങളിൽ

സൂക്ഷിക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലെന്നും യോഗത്തിൽ അറിയിച്ചു.

ജൂലൈ 31 ന് അർധരാത്രി വരെയാണ് 52 ദിവസത്തെ ട്രോളിംഗ് നിരോധനം.

✪✪✪

വിദേശത്തെ അബുദാബി കമേഴ്സ്യൽ ബാങ്കിൽ മുഖ്യമന്ത്രിയുടെ മകളുടെ എക്സാലോജിക്ക് കമ്പനി അക്കൗണ്ടിലേക്ക് SNC ലാവലിൻ, പ്രൈസ് വാട്ടർ കൂപ്പർസ് തുടങ്ങിയ കമ്പനികളിൽ നിന്ന് വൻ തുക വന്നിട്ടുണ്ടെന്ന് BJP നേതാവ് ഷോൺ ജോർജ് ആരോപിച്ചു. ഇത് സംബന്ധിച്ച് SFIO-യ്ക്ക് പരാതി നൽകിയിട്ടുണ്ടെന്ന് അദ്ദേഹം കൊച്ചിയിൽ വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

മുഖ്യമന്ത്രിയുടെ മകളുടെ വിദേശ അക്കൗണ്ടിലേക്ക് SNC ലാവലിൻ ഉൾപ്പെടെ കമ്പനികളിൽ നിന്ന് പണം വന്നെന്ന ആരോപണം ഞെട്ടിക്കുന്നതാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ അഭിപ്രായപ്പെട്ടു. ആരോപണം ഗുരുതരമാണെന്നും അതെപ്പറ്റി പറയാൻ മുഖ്യമന്ത്രിയ്ക്ക് ഉത്തരവാദിത്വമുണ്ടെന്നും സതീശൻ കൊച്ചിയിൽ പറഞ്ഞു.

✪✪✪

അഖില കേരള വിശ്വകർമ്മ മഹാസഭയുടെ സംസ്ഥാന പ്രസിഡന്റ് P.R ദേവദാസ് നിര്യാതനായി. 68 വയസ്സായിരുന്നു. കൊച്ചിയിൽ സ്വകാര്യാശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് മരണം. സംസ്കാരം ഉച്ചയ്ക്ക് ആലപ്പുഴ ചമ്പക്കുളത്തെ പൂത്തറയിൽ നടത്തും. 2000 മുതൽ

വിശ്വകർമ്മ സംഘടനയുടെ സംസ്ഥാന പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ദേവദാസിന്റെ മരണത്തിൽ അനുശോചനം അറിയിച്ചു.

✪✪✪

ഈ വർഷത്തെ നോർവേ ചെസ്സിന്റെ മൂന്നാം റൗണ്ടിൽ ഇന്ത്യൻ താരം പ്രഗ്നാനന്ദ, ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസനെ പരാജയപ്പെടുത്തി. ഇതോടെ 5.5 പോയിന്റുമായി പ്രഗ്നാനന്ദ മുന്നേറ്റം തുടരുകയാണ്.

✪✪✪

തായ്‌ലൻഡിൽ ലോക ഒളിമ്പിക് ബോക്സിംഗ് യോഗ്യതാ മത്സരത്തിലെ 60 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ അങ്കുഷിത ബോറോ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. കസാഖ് താരത്തെയാണ് അങ്കുഷിത ബോറോ പരാജയപ്പെടുത്തിയത്. 71 കിലോ വിഭാഗത്തിൽ ഇന്ത്യൻ താരം നിഷാന്ത് ദേവും ക്വാർട്ടർ ഫൈനലിൽ എത്തിയിട്ടുണ്ട്.

✪✪✪

ഇന്ത്യൻ താരം പി.വി സിന്ധു സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റണിന്റെ വനിതാ സിംഗിൾസ് രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. ഡെൻമാർക്ക് താരത്തെയാണ് സിന്ധു തോൽപ്പിച്ചത്. അതേ സമയം പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരങ്ങളായ ലക്ഷ്യ സെനും കിടംബി ശ്രീകാന്തും ആദ്യ റൗണ്ടിൽ തന്നെ പുറത്തായി.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ ഇന്നലെ അർധ രാത്രിയോടെ ഇളന്നീർവെപ്പ് നടന്നു. തിരുവഞ്ചിറയ്ക്ക് ചുറ്റും കൽക്കെട്ടുകളിലും കയ്യാലകളിലും ഭക്തർ നിറഞ്ഞിരുന്നു. തിരുവോണം ആരാധനയും നടന്നു. ഇന്നാണ് ഇളനീരാട്ടം.

✪✪✪

കണ്ണൂർ വിമാനത്താവളം വഴി ഇത്തവണ ഹജ്ജിന് പുറപ്പെടുന്ന ഹാജിമാർക്ക് എല്ലാ സംവിധാനങ്ങളും സജ്ജമായി. 18 വകുപ്പുകളുടെ സേവനം ക്യാമ്പിൽ ഒരുക്കിയിട്ടുണ്ട്. ആദ്യ ഹജ്ജ് വിമാനം ശനിയാഴ്ച രാവിലെ പുറപ്പെടും.

✪✪✪

കേരളാ ബാങ്കിന് വിവരാവകാശ നിയമം ബാധകമാണെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. K.M ദിലീപ് ഉത്തരവിട്ടു. RTI പ്രകാരം നൽകിയ അപേക്ഷയിൽ വിവരം നൽകിയില്ലെന്ന പരാതിയിലാണ് കമ്മീഷൻ ഉത്തരവ്.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചു പ്രതിമാസ പ്രഭാഷണ പരമ്പര ഇന്ന് പത്തനംതിട്ട, കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തും. പ്രശസ്ത എഴുത്തുകാരനും കാലടി ശ്രീശങ്കരാ സർവകലാശാല മുൻ പ്രോ വൈസ് ചാൻസലറുമായ ഡോ: K.S.രവികുമാർ,

***പറയുന്ന കഥയും എഴുതുന്ന കഥയും*** **എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.**